# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2022 ജനുവരി 27

# വാർത്താക്കുറിപ്പ്

## ദേശീയ പുരസ്കാരം നേടി ഐ.ആർ.എൽ.ഡി.

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിസിന് (ഐ.ആർ.എൽ.ഡി) മികച്ച സേവന പ്രവർത്തനങ്ങൾക്കുള്ള ദേശീയ പുസ്കാരം ലഭിച്ചു. കേന്ദ്രസർക്കാരിന്റെ 'അഡിപ്' സ്കീമിന്റെ ഭാഗമായി മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന അലിയാവർജാഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് ഡിസെബിലിറ്റീസ് രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പാക്കുന്ന ശ്രവണ പരിശോധന, ശ്രവണ സഹായി വിതരണം, ബോധവൽക്കരണം എന്നീ സേവന പ്രവർത്തനങ്ങൾ കേരളത്തിൽ മികച്ച രീതിയിൽ സംഘടിപ്പിച്ചതിനും അർഹതപ്പെട്ടവരെ കണ്ടെത്തി ഏറ്റവും കൂടുതൽ പേർക്ക് സേവനം നൽകിയതിനുമാണ് സ്ഥാപനത്തിന് ഏറ്റവും നല്ല എക്സ്റ്റൻഷൻ സർവ്വീസ് അവാർഡ് ലഭിച്ചത്.

ഐ.ആർ.എൽ.ഡി. കേരളത്തിലെ എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ശ്രവണ പരിശോധനയും ബോധവൽക്കരണവും നടത്തുകയും നാലര കോടി രൂപ വില വരുന്ന ഇലക്ട്രോണിക് ശ്രവണ സഹായി ഉപകരണങ്ങൾ അഡിപ് പദ്ധതിയുടെ ഭാഗമായി സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അലിയവർജംഗ് ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിലെ ഔട്ട് റീച്ച് വിഭാഗം മോധാവി ഡോ. ആർ.പി. ശർമ്മയിൽ നിന്ന് ശിലാഫലകവും സാക്ഷ്യപത്രവും അടങ്ങുന്ന പുരസ്കാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെ ഓണററി ഡയറക്ടർ കെ.എം. മുസ്തഫ ഏറ്റു വാങ്ങി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സ്പീച്ച് ആന്റ് ഹിയറിംഗ് വിഭാഗം വിദഗ്ധ സമിതി അംഗങ്ങളായ ഡോ. സഞ്ചയ ഖണ്ഡാഗലെ, ഡോ. അരവിന്ദ് സുർവാഡെ, ഗോപാൽശർമ്മ എന്നിവർ സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ** : മഹാത്മാഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസിനുള്ള ദേശീയ പുരസ്കാരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഒട്ട് റീച്ച് വിഭാഗം മേധാവി ഡോ. ആർ.പി. ശർമ്മയിൽ നിന്നും ഐ.ആർ.എൽ.ഡി. ഓണററി ഡയറക്ടർ ഡോ. കെ.എം. മുസ്തഫ ഏറ്റുവാങ്ങുന്നു. സ്പീച്ച് ആൻഡ് ഹിയറിംഗ് വിഭാഗം വിദഗ്ദ സമിതി അംഗങ്ങളായ ഡോ. സഞ്ചയ് ഖണ്ഡാകലെ, ഡോ. അരവിന്ദ് സുറുവാഡെ, ഗോപാൽ ശർമ്മ എന്നിവർ സമീപം.

(പി.ആർ.ഒ./39/118/2022)

## പരീക്ഷാഫലം

2020 നവംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ഫെബ്രുവരി എട്ട് വരെ ഓൺലൈനായി സമർപ്പിക്കാം.

(പി.ആർ.ഒ./39/119/2022)

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. ഫിഷെറി ബയോളജി ആന്റ് അക്വാകൾച്ചർ (2019 അഡ്മിഷൻ - പി.ജി.സി.എസ്.എസ്. - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും

(പി.ആർ.ഒ./39/120/2022)

2021 ആഗസ്റ്റിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (ബിഹേവിയറൽ സയൻസസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/121/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ